(ബി) ഉണ്ടെങ്കിൽ ഈ വ്യവസ്ഥ കൃത്യമായി പാലിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) അദ്ധ്യാപകർ ജോലി ചെയ്യുന്ന സ്കൂളിൽത്തന്നെ അവരെ ഇൻവിജിലേറ്റർമാരായി നിയമിക്കുന്ന രീതി കൂടുതൽ ക്രമക്കേടുകൾ ഉണ്ടാകാൻ കാരണമാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഇൻവിജിലേറ്റർ മാരായി നിയമിക്കുന്ന അദ്ധ്യാപകരെ അവർ ജോലി ചെയ്യുന്ന സ്കൂളിൽതന്നെ പരീക്ഷാ ഡ്യൂട്ടിക്കായി നിയമിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ചില സന്ദർഭങ്ങളിൽ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന അദ്ധ്യാപകർ അവിചാരിത മായുണ്ടാകുന്ന കാരണങ്ങളാൽ ഹാജരാകാതെ വന്നാൽ പരീക്ഷാനടത്തിപ്പിന്റെ പ്രാധാന്യം കണക്കിലെടുത്ത് അതേ സ്കൂളിലെതന്നെ അദ്ധ്യാപകരെ നിയമിക്കേണ്ടി വന്നിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ആ അദ്ധ്യാപകരെ റഗുലർ വിദ്യാർത്ഥികൾ എഴുതുന്ന ഹാളുകളിൽ ഡ്യൂട്ടിക്ക് നിയോഗിക്കാറില്ല.

(സി) ബാധകമല്ല.

(ഡി) ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യങ്ങളിൽ അതേ സ്കൂളിലെതന്നെ അദ്ധ്യാപകരെ പരീക്ഷാ ഡ്യൂട്ടിക്ക് നിയോഗിക്കേണ്ടിവരാറുണ്ട്. എന്നാൽ ക്രമക്കേടുകൾ ഉണ്ടാകുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിലേക്ക് ഇവരെ അതേ സ്കൂളിൽതന്നെ റഗുലർ വിദ്യാർത്ഥികൾ പരീക്ഷ എഴുതുന്ന ഹാളുകളിൽ നിയോഗിക്കാറില്ല. ഡ്യൂട്ടിക്ക് നിയോഗിക്കുന്ന അദ്ധ്യാപകരുടെ മക്കളോ അടുത്ത ബന്ധുക്കളോ അതേ സ്കൂളിൽ പരീക്ഷ എഴുതുകയാണെങ്കിലും അവരെ ഡ്യൂട്ടിക്ക് നിയോഗിക്കാറില്ല.

സംസ്ഥാനത്ത് നദി സംരക്ഷണ ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തികൾ

226 [370] ശ്രീ. വി. കെ. ചന്ദ്രൻ:

" എ. കെ. ബാലൻ:

" മഞ്ഞളാംകുഴി അലി:

" കെ. രാധാകൃഷ്ണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദി സംരക്ഷണ ഫണ്ട് (റിവർ മാനേജ്മെന്റ് ഫണ്ട്) ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തികളാണ് ഇപ്പോൾ ചെയ്തു വരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ ജില്ലയിലും ഈ ഇനത്തിൽ ജില്ലാ കളക്ടർമാരുടെ പേരിലുള്ള ടി. പി. അക്കൗണ്ടിൽ ഇന്നുവരെ എത്രതുക വീതം ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മണൽ വിറ്റ വകയിൽ പഞ്ചായത്തുകൾക്ക് എന്തുതുക ഓരോ ജില്ലയിലും നൽകാനുണ്ട്;

(ഡി) നദികളുടെ സംരക്ഷണത്തിനായി ഉപയോഗിക്കേണ്ട റിവർ മാനേജ്മെന്റ് ഫണ്ട് വക മാറ്റി ഓരോ ജില്ലയിലും എത്ര തുക വീതം ഉപയോഗിച്ചുവെന്നും ഏതെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക ഉപയോഗിച്ചതെന്നും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ;

(ഇ) അക്കൗണ്ടന്റ് ജനറലിന്റെ കീഴിലുള്ള സ്പെഷ്യൽ ഓഡിറ്റ് വിഭാഗം ഇക്കാര്യം പരിശോധിച്ചിരുന്നോ? എങ്കിൽ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നദീ സംരക്ഷണ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് ഇല്ല. സംസ്ഥാനത്ത് നദീ തീരത്തിന്റെയോ അതിന്റെ ഏതെങ്കിലും വൃഷ്ടി പ്രദേശത്തിന്റെയോ സമഗ്ര വികസനത്തിനും, നദീതീരം സംരക്ഷിക്കുന്നതിനും തീരങ്ങളിൽ കടവ് നിർമ്മിക്കുന്നതിനും കുളിക്കടവ് നിർമ്മിക്കുന്നതിനും നദീതീരങ്ങളുടെ ജൈവ-ഭൗതിക പരിസ്ഥിതി സംരക്ഷിക്കുന്നതിനും സർക്കാർ അംഗീകരിച്ച നദീതീര പദ്ധതികൾ നടപ്പാക്കുന്നതിനും ഖനനം ചെയ്യാവുന്ന മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനും മണൽ വാരൽ അനുവദിക്കാത്ത കടവുകൾ അടച്ചു പൂട്ടുന്നതിനും, സംരക്ഷണഭിത്തികൾ നിർമ്മിക്കുന്നതിനും കടവുകളിൽ വാഹനം ഇറങ്ങാത്തവിധം നൂറുമീറ്റർ അകലത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും അനധികൃത മണൽ വാരൽ തടയുന്നതിനുമുള്ള പട്രോളിംഗിന് ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധന ചെലവുകൾക്കും ജില്ലാ വിദഗ്ദ്ധ സമിതികളുടെ യോഗ നടപടികൾക്കും അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത നൽകുന്നതിനും ആഡിറ്റ് ഫീസ് നൽകുന്നതിനും മണൽ ആഡിറ്റിനുവേണ്ടിവരുന്ന ചെലവിനും, അനധികൃത മണൽ വാരലിന്റെ ദുഷ്യ വശങ്ങൾ പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് സെമിനാറുകൾ നടത്തുന്നതിനും നദീതീര പുറംപോക്ക് വാസികളുടെ പുനരധിവാസത്തിനും നദീതീര വാസികളുടെ ദുരിതാശ്വാസത്തിനും ക്ഷേമത്തിനും ഉള്ള പദ്ധതികൾ നടപ്പാക്കുന്നതിനും നദീതീരത്ത് നിലവിലുള്ള കണ്ടൽ കാടുകൾ സംരക്ഷിക്കുന്നതിനും നദീതീരത്തും അതിന്റെ വൃഷ്ടി പ്രദേശത്തും വൃക്ഷ തൈകൾ നട്ടുവളർത്തുന്നതിനും സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള കാര്യങ്ങൾ ചെയ്യുന്നതിനും ആണ് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ടിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള റിവർമാനേജ്മെന്റ് ഫണ്ടിൽ നിന്ന് ചെലവ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ ജില്ലയിലും റിവർ മാനേജ്മെന്റ് ഫണ്ടിൽ ജില്ലാ കളക്ടർമാരുടെ പേരിലുള്ള അക്കൗണ്ടിലുള്ള തുക ചുവടെ ചേർക്കുന്നു:

		രൂപ
തിരുവനന്തപുരം	..	1,60,35,814
കൊല്ലം	..	2,57,29,545
പത്തനംതിട്ട	..	3,66,87,664
ആലപ്പുഴ	..	36,94,644
കോട്ടയം	..	87,96,274
ഇടുക്കി	..	43,89,479
എറണാകുളം	..	6,19,60,654
തൃശ്ശൂർ	..	5,15,68,926
പാലക്കാട്	..	3,66,94,083
മലപ്പുറം	..	9,88,46,325
കോഴിക്കോട്	..	6,63,32,803
വയനാട്	..	12,40,199
കണ്ണൂർ	..	1,90,11,508
കാസർഗോഡ്	..	4,17,240

(സി) മണൽവിറ്റ വകയിൽ പഞ്ചായത്തുകൾ യാതൊരു തുകയും നൽകാനില്ല. പഞ്ചായത്തുകൾ മണൽവിറ്റ തുക പകുതിയെടുത്തതിന് ശേഷം ബാക്കിയാണ് റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കുന്നത്. പഞ്ചായത്തുകൾ റിവർ മാനേജ്മെന്റ് ഫണ്ടിൽ തുക അടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്.

(ഡി) പാലക്കാട് ജില്ല ഒഴികെ മറ്റ് ജില്ലകളിൽ റിവർമാനേജ്മെന്റ് ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ല.

പാലക്കാട് ജില്ലയിൽ മറ്റുകാര്യങ്ങൾക്ക് ചെലവു ചെയ്തതിന്റെ സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു:

1.	ടെലിഫോൺ ചാർജ്ജ് അടച്ചത്	..	48,685
2.	സർവീസ് സ്റ്റാമ്പ് വാങ്ങിയത്	..	50,000
3.	കമ്പ്യൂട്ടർ സ്റ്റേഷനറി വാങ്ങിയത്	..	11,250
4.	വാഹനം നന്നാക്കുന്നതിന് ചെലവ്	..	24,700

(ഇ) പരിശോധിച്ചിരുന്നു. പാലക്കാട് ജില്ലയിൽ പ്രസ്തുത ഫണ്ട് വക മാറ്റി ചെലവാക്കിയത് ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ താഴെപ്പറയുന്ന തുക ചെലവാക്കിയത് നിയമാനുസൃതമല്ല എന്ന് പറഞ്ഞിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1.	ഇൻസ്പെക്ഷൻ സ്കാഡിന്റെ ചെലവ്	. .	6,63,669
2.	പാസ്സ് പ്രിന്റിംഗ്	. .	1,13,400
3.	സെമിനാർ നടത്തിയതിന്	. .	20,057
4.	റ്റി. എ.	. .	1,000

എന്നാൽ ടി ചെലവ് നിയമാനുസൃതമാണ് എന്ന് മറുപടിയും നൽകിയിട്ടുണ്ട്.

വേൾഡ് ബാങ്ക് സഹായത്തോടെ പണി ചെയ്ത റോഡുകൾ

227 [371] ശ്രീ. എ. സി. മൊയ്തീൻ:

„ കോടിയേരി ബാലകൃഷ്ണൻ:

„ വി. ചെന്താമരാക്ഷൻ:

„ പി. ജയരാജൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേൾഡ് ബാങ്ക് സഹായത്തോടെയുള്ള കേരള സംസ്ഥാന ഗതാഗത പദ്ധതിയിൽപ്പെടുത്തി കഴിഞ്ഞ വർഷം പണി ചെയ്ത പല റോഡുകളും ഈ കാലവർഷത്തിൽ തന്നെ തകർന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം റോഡുകളെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ റോഡുകൾ നന്നാക്കുന്നതിന് എന്ത് ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കെ. എസ്. ടി. പദ്ധതിയിൽ റോഡ് അപ്ഗ്രഡേഷന് കിലോമീറ്ററിന് നിശ്ചയിച്ചിട്ടുള്ള നിരക്ക് എത്ര; പൊതുമരാമത്ത് വകുപ്പിന്റെ നിരക്ക് എത്ര; കെ.എസ്.ടി.പി.യിൽ നിരക്ക് കൂടുതലാണെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) റോഡ് മെയിന്റനൻസിന് കിലോമീറ്ററിന് കെ. എസ്. ടി. പി. നിരക്ക് എത്ര; പൊതുമരാമത്ത് വകുപ്പ് നിരക്ക് എത്ര; കെ. എസ്. ടി. പി. നിരക്ക് കൂടുതലാണെങ്കിൽ കാരണം വിശദമാക്കാമോ;

(എഫ്) കെ. എസ്. ടി. പദ്ധതിയുടെ പ്രയോജനങ്ങൾ എന്തെല്ലാം?

ഉത്തരം

(എ ആന്റ് ബി) കെ. എസ്. ടി. പി.-യിൽ ഉൾപ്പെടുത്തി പണി ചെയ്ത റോഡുകൾ കാലവർഷത്തിൽ തകർന്നിട്ടില്ല. പൈപ്പ്ലൈൻ കടന്നു പോകുന്നതും വളവുകൾ ഉള്ളതുമായ ചില ഭാഗത്ത് ചെറിയ കുഴികൾ ഉണ്ടായത് കോൺട്രാക്ടറുടെ ചെലവിൽ തന്നെ റിപ്പയർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly